I/100135/2023

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ**

**നടപടിക്രമം**

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.**

**(ഹാജർ:അനിൽ കുമാർ.ജി)**

വിഷയം:- കാർഷിക വികസന കർഷകക്ഷേമ വകുപ്പ് - ജീവനക്കാര്യം - ഡ്രൈവർ ഗ്രേഡ്-I , സീനിയർ ഗ്രേഡ് തസ്തികയിലെ റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം :-

1) സർക്കാർ ഉത്തരവ് (എം.എസ്) 267/13(162 ഫിൻ) തീയതി 03/06/2013.

2) കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 01/08/2015-ലെ SH(2) 4224/14 നമ്പർ ഉത്തരവ്.

3) കൃഷി ഡയറക്ടറുടെ 05/ 07/ 2021 - ലെ എസ് .എച്ച് (2) 28152 / 2016 നമ്പർ ഉത്തരവ്.

4) കൃഷി ഡയറക്ടറുടെ 16/ 10/ 2021 -ലെ ADFW / 1472/ 2020 നമ്പർ ഉത്തരവ്.

5) കൃഷി ഡയറക്ടറുടെ 30/11/2021 – ലെ ADFW/1472/2020 Dtd. നമ്പർ ഉത്തരവ്.

6) സ .ഉ (സാ ധാ )നം .255/ 2023 / AGRI തീ .15/ 03/ 2023 .

**ഉത്തരവ് നമ്പർ ADFW/3811/2023 - SH2 തീയതി . 31-05-2023**

പരാമർശം(1)-ലെ സർക്കാർ ഉത്തരവ് പ്രകാരം ഡ്രൈവർ തസ്തികയിലെ അനുപാതം ഡ്രൈവർ ഗ്രേഡ് -II, ഡ്രൈവർ ഗ്രേഡ്-I, സീനിയർ ഗ്രേഡ് എന്നിവ 1 : 1 : 1 എന്ന് പരിഷ്കരിച്ച് ഉത്തരവായിട്ടുള്ളതും, സീനിയർ ഗ്രേഡിലെ 10 % പേർക്ക് സെലക്ഷൻ ഗ്രേഡ് അനുവദിക്കുവാനും ഉത്തരവായിട്ടുണ്ട്.

പരാമർശം (2)-ലെ സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം. 91 വരെയുള്ളവർക്ക് ഡ്രൈവർ സീനിയർ ഗ്രേഡ് തസ്തികയിലേയ്ക്ക് റേഷ്യോ പ്രൊമോഷൻ നൽകിയിട്ടുണ്ട്. ഡ്രൈവർ സീനിയർ ഗ്രേഡ് തസ്തികയിൽ നിലവിൽ 4 ഒഴിവുകളുണ്ട് . ആയതിനാൽ പ്രസ്തുത ലിസ്റ്റിലെ ക്രമ നം. 92 മുതൽ ക്രമ നമ്പർ 95 വരെയുള്ള ഗ്രേഡ് I ഡ്രൈവർമാർക്ക് ചുവടെ പരാമർശിച്ചിരിയ്ക്കുന്ന പ്രകാരം 31100 - 66800/-രൂപ ശമ്പള നിരക്കിൽ സീനിയർ ഗ്രേഡായി റേഷ്യോ പ്രൊമോഷൻ നൽകി ഉത്തരവാകുന്നു.

| ക്രമ നം. | സീനിയോറിറ്റി നം. | പേര്, നിലവിലെ തസ്തിക , ഓഫീസ് | ഉദ്യോഗക്കയറ്റം നൽകുന്ന പ്രാബല്യത്തീയതി/ |
|---|---|---|---|
| 1. | 92 | ശ്രീ.ജോഷി .പി.റ്റി<br><br>ഡ്രൈവർ ഗ്രേഡ് I<br><br>ജില്ലാ സോയിൽ ടെസ്റ്റിംഗ് ലാബ്<br><br>ആലപ്പുഴ. | 06/02/2022<br>(ശ്രീ.പ്രമോദ് പുളുക്കൽ, സീനിയർ ഗ്രേഡ് ഡ്രൈവർ 05/02/ 2022 -ന് മരണപ്പെട്ടതിനാൽ ഉത്ഭവിച്ച ഒഴിവ്.) |
| 2. | 93 | ശ്രീ.സുനീഷ് .റ്റി .ബി | 21/05/2022(ശ്രീ.ദിലീഷ് .സി.എം, സീനിയർ ഗ്രേഡ് ഡ്രൈവർ 20/05/ 2022 |

| | | | |
|---|---|---|---|
| | | ഡ്രൈവർ ഗ്രേഡ് I<br>പി .എ.ഒ<br>ആലപ്പുഴ . | -മരണപ്പെട്ടതിനാൽ ഉത്ഭവിച്ച ഒഴിവ്. ). |
| 3. | 94 | ശ്രീ.സന്തോഷ് കുമാർ.ആർ<br>ഡ്രൈവർ ഗ്രേഡ് I<br>കൃഷി ഡയറക്ടറേറ്റ് | 01/06/2022<br>(ശ്രീ.പി.വി.വർഗീസ്<br>31/ 05/ 2022 -ന് സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ഉത്ഭവിച്ച ഒഴിവ്. ) |
| 4. | 95. | ശ്രീ പ്രശാന്ത് .ഇ.പി<br>ഡ്രൈവർ ഗ്രേഡ് I<br>അഗ്രികൾച്ചർ ഹോൾസെയിൽ മാർക്കറ്റ്<br>മൂവാറ്റുപുഴ . | 01/06/2022<br>(ശ്രീ .റോയ് .വി.എസ്<br>31/ 05/ 2022 -ന് സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ഉത്ഭവിച്ച ഒഴിവ്. ) |

ഗ്രേഡ് I ഡ്രൈവർമാർക്ക് സീനിയർ ഗ്രേഡായി ഉദ്യോഗക്കയറ്റം നൽകുന്നത് മുഖേന ഡ്രൈവർ ഗ്രേഡ് I തസ്തികയിൽ 4 ഒഴിവുകൾ നിലവിൽ വരുന്നതാണ് .

പരാമർശം (3) സീനിയോരിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 13 ആയി ഉൾപ്പെട്ടിരുന്ന ശ്രീ.അജേഷ്.പി-യ്ക്ക് പരാമർശം (5) പ്രകാരം ഡ്രൈവർ ഗ്രേഡ് 1 തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ഉത്തരവായിരുന്നു. എന്നാൽ ടിയാനെക്കാൾ സീനിയറായിരുന്ന ശ്രീ.സക്കീർ ഹുസൈനെ സീനിയോരിറ്റി ലിസ്റ്റിൽ തെറ്റായി ഉൾപ്പെടുത്തിയത് സംബന്ധിച്ച തർക്കം നിലനിന്നിരുന്നതിനാൽ ശ്രീ.അജേഷ്.പി-യ്ക്ക് റേഷ്യോ പ്രൊമോഷനെ തുടർന്നുള്ള ശമ്പള നിർണ്ണയം അനുവദിച്ച് നൽകിയിരുന്നില്ല.പിന്നീട് പരാമർശം (6) പ്രകാരം ശ്രീ.സക്കീർ ഹുസൈൻ, ശ്രീ.അജേഷ്.പി , ശ്രീ.മുരളീധരൻ .സി എന്നിവരുടെ സീനിയോരിറ്റി പുനഃക്രമീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട് . ആയതിനാൽ ശ്രീ.സക്കീർ ഹുസ്സൈന് ഡ്രൈവർ ഗ്രേഡ് 1 ആയി ഉദ്യോഗക്കയറ്റം ലഭിക്കേണ്ടിയിരുന്നത് ശ്രീ.അജേഷ്.പി-യ്ക്ക് പരാമർശം (5) പ്രകാരം റേഷ്യോ പ്രൊമോഷന് പ്രാബല്യം നൽകിയ 01/08/2021 തീയതി പ്രാബല്യത്തിലായിരുന്നു.

പ്രസ്തുത സാഹചര്യത്തിൽ , പരാമർശം (5) ഉത്തരവ് പ്രകാരം ശ്രീ.അജേഷ്.പി -യ്ക്ക് നൽകിയ റേഷ്യോ പ്രൊമോഷൻ റദ്ദ് ചെയ്തുകൊണ്ടും അപ്രകാരം നിലവിൽ വരുന്ന ഒരു ഒഴിവും മേൽ ഖണ്ഡികയിൽ പരാമർശിക്കുന്ന 4 ഒഴിവും ചേർത്ത് ഡ്രൈവർ ഗ്രേഡ് I തസ്തികയിലെ 5 ഒഴിവുകളിലെയ്ക്ക് ഡ്രൈവർ ഗ്രേഡ് II -ൽ ഉൾപ്പെട്ട 5 ഡ്രൈവർമാർക്ക് ചുവടെ ചേർക്കും പ്രകാരം 27900-63700/- രൂപ ശമ്പള നിരക്കിൽ സീനിയർ ഡ്രൈവർ ഗ്രേഡ് I ആയി റേഷ്യോ പ്രൊമോഷൻ നൽകി ഉത്തരവാകുന്നു.

| **ക്രമ നം.** | **സീനിയോറിറ്റി നം.** | **പേര്, മേൽവിലാസം** | **ഉദ്യോഗക്കയറ്റം ലഭിച്ച തീയതി** |
|---|---|---|---|
| 1. | 129<br>(പരാമർശം (2) പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റിൽ ) | ശ്രീ.വിനോദ് ദേവസ്യ<br>ഡ്രൈവർ (ഗ്രേഡ് II )<br>പ്രിൻസിപ്പൽ കൃഷി ഓഫീസ്<br>കണ്ണൂർ . | 06/02/2022<br>(ശ്രീ.ജോഷി .പി.റ്റി സീനിയർ ഗ്രേഡായ ഒഴിവ്. ) |
| 2. | 13 | ശ്രീ.സക്കീർ ഹുസ്സൈൻ<br>ഡ്രൈവർ (ഗ്രേഡ് II ) | 01/08/2021 (ശ്രീ .ഷിബുകുമാർ .പി.ജി സീനിയർ ഗ്രേഡായ ഒഴിവ് .<br>(പരാമർശം (4) ഉത്തരവ് പ്രകാരം) |

I/100135/2023

| | | | |
|---|---|---|---|
| | | പ്രിൻസിപ്പൽ കൃഷി ഓഫീസ്<br>പാലക്കാട്. | |
| 3. | 14 | ശ്രീ.അജേഷ്.പി<br>ഡ്രൈവർ (ഗ്രേഡ് II )<br>പ്രിൻസിപ്പൽ കൃഷി ഓഫീസ്<br>കൊല്ലം | 21/05/2022 (ശ്രീ.സുനീഷ് .റ്റി .ബി സീനിയർ ഗ്രേഡായ ഒഴിവ്.) |
| 4. | 15 | ശ്രീ.മുരളീധരൻ .സി<br>ഡ്രൈവർ (ഗ്രേഡ് II )<br>പ്രിൻസിപ്പൽ കൃഷി ഓഫീസ്<br>പാലക്കാട്. | 01/06/2022 (ശ്രീ.സന്തോഷ് കുമാർ.ആർ സീനിയർ ഗ്രേഡായ ഒഴിവ്.) |
| 5. | 16 | ശ്രീ .അബ്ദുൾ കരീം കോടാലിക്കുന്നൻ<br>ഡ്രൈവർ (ഗ്രേഡ് II )<br>സീഡ് ഗാർഡൻ കോംപ്ലക്സ്<br>മുണ്ടേരി<br>മലപ്പുറം. | 01/06/2022 (ശ്രീ പ്രശാന്ത് .ഇ.പി സീനിയർ ഗ്രേഡായ ഒഴിവ്.) |

പരാമർശം (2) സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നം. 129 ശ്രീ. വിനോദ് ദേവസ്യ, ഡ്രൈവർ ഗ്രേഡ് II -ന്റെ പേരിൽ വളപട്ടണം പോലീസ് സ്റ്റേഷനിൽ നിലവിലുണ്ടായിരുന്ന കേസ് തീർപ്പായതിനാൽ ടിയാന്റെ സർവീസ് ക്രമീകരണം നടത്തുകയും 1/ 3/ 2016 പ്രാബല്യത്തിൽ പ്രൊബേഷൻ പൂർത്തീകരിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.ആയതിനാൽ ടിയാനെ മേൽ പട്ടികയിൽ ക്രമ നമ്പർ 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

ഉദ്യോഗക്കയറ്റം സംബന്ധിച്ച വിവരം ടി ജീവനക്കാരുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ് .

sd/-
ANIL KUMAR G
SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ്

ബന്ധപ്പെട്ട ജീവനക്കാർക്ക്

(മേലധികാരി മുഖേന )

<u>പകർപ്പ്</u>

1) പ്രിൻസിപ്പൽ കൃഷി ഓഫീസർ, കൊല്ലം / ആലപ്പുഴ / കണ്ണൂർ /മലപ്പുറം / പാലക്കാട്.
2) സെക്രട്ടറി

JUNIOR SUPERINTENDENT
Directorate of Agriculture
Development and Farmers
Welfare Department
Vikas Bhavan, Tvm-33

അഗ്രികൾച്ചർ ഹോൾസെയിൽ മാർക്കറ്റ്
മൂവാറ്റുപുഴ.

3) ഡെപ്യൂട്ടി ഡയറക്ടർ, ഐ.ടി. സെൽ, (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

4) കരുതൽ ഫയൽ.